ഉത്തരം

(എ) രണ്ട് ജില്ലകളിലും 17-5-2012-ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. വയനാട് ജില്ലയിൽ 19-11-2014 വരെ ആകെ 51 നിയമന ശിപാർശയും കാസർഗോഡ് ജില്ലയിൽ 9-10-2014 വരെ 60 നിയമന ശിപാർശയും നൽകിയിട്ടുണ്ട്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

സ്പോർട്സ് ക്വാട്ട നിയമനം

24 (1888) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-10-2014-ലെ G.O.(Rt) No. 8378/2014/GAD ഉത്തരവ് പ്രകാരം സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരായവർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) നിയമന ഉത്തരവ് നൽകിയിട്ടില്ലെങ്കിൽ സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരായവരെ ഏതെല്ലാം വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് നിയമിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) സ്പോർട്സ് ക്വാട്ട നിയമനത്തിന് ഓരോ കായിക വിഭാഗത്തിനും നിശ്ചിത വകുപ്പിൽ നിശ്ചിത തസ്തികകൾ സംവരണം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) ഇല്ല.

സർക്കാർ ഓഫീസുകളുടെ പ്രവർത്തനം

25 (1889) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾ കുറ്റമറ്റവിധം എളുപ്പമാക്കുന്നതിനും എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് സർക്കാർ ഓഫീസുകളിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് പറയാമോ ; ഇത്തരം സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാനും കേടുപാടുകൾ പരിഹരിക്കുന്നതിനും ഇതിനുവേണ്ട അനുബന്ധ സാമഗ്രികൾ യഥാസമയം ഓഫീസുകളിൽ എത്തിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നു പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പല സർക്കാർ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ കേടായവയും പ്രിന്റർ, സ്കാനർ എന്നിവ പ്രവർത്തിക്കാത്തവയുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഷ്കരിക്കുന്നതിനും കേടുപാടുകൾ മാറ്റുന്നതിനും ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നു പറയാമോ ; റേറ്റ് കോൺട്രാക്ട് ഈ വിഷയത്തിൽ നിലവിലുണ്ടോ ;

(സി) സർക്കാർ ഓഫീസുകളുടെ സാങ്കേതിക സംവിധാനം പരിഷ്കരിക്കുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടി ഈ സർക്കാർ കാലയളവിൽ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾ കൂടുതൽ വിധം എളുപ്പമാക്കുന്നതിനുമായി സർക്കാർ ഓഫീസുകളിൽ നിലവിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ്, വെബ് ടെലികാസ്റ്റിംഗ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി ഉടങ്ങിക്കഴിഞ്ഞു. സെക്രട്ടേറിയറ്റിലടക്കമുള്ള പല സർക്കാർ ഓഫീസുകളും കമ്പ്യൂട്ടർവത്കരിച്ചു. ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. അതുപോലെ സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം നിരീക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും IDEAS എന്ന സംവിധാനം നടപ്പിലാക്കി. സെക്രട്ടേറിയറ്റ് അടക്കമുള്ള പല ഓഫീസുകളിലും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിന് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സ്റ്റേറ്റാക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ഇ-ഗവേണൻസിന്റെ നടത്തിപ്പിനും പരിപാലനത്തിനും അതാത് വകുപ്പ്/സ്ഥാപനങ്ങളിൽ ഐ.ടി. ഡിവിഷൻ സൃഷ്ടിച്ചുകൊണ്ട് സർക്കാർ 26-7-2008-ലെ സ.ഉ.(എംഎസ്.) നമ്പർ 28/2008/ഐ.ടി.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) വ്യാപകമായ രീതിയിൽ കമ്പ്യൂട്ടറുകൾ കേടായതായോ പ്രിന്റർ, സ്കാനർ എന്നിവ പ്രവർത്തിക്കാത്തതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ വകുപ്പുകൾ വിവിധ ഏജൻസികളെയാണ് കേടുപാടുകൾ തീർക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിൽ റേറ്റ് കോൺട്രാക്ട് മാത്രം അടിസ്ഥാനമാക്കി ചെയ്യണമെന്ന നിർദ്ദേശം നിലവിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly